Draft #3 of File VIII/03/20468/2018 Approved by ASSISTANT REGISTRAR II (ACADEMIC) on 03-Aug-2019 11:32 AM - Page 1

# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**സംഗ്രഹം**

മഹാത്മാഗാന്ധി സർവ്വകലാശാല - ഇൻറർനെറ്റ് കഫെ ഉടമയുടെ തട്ടിപ്പിനെതിരെ വിദ്യാർഥികൾ സമർപ്പിച്ച പരാതിയിൽ അന്വേഷണകമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 8 സെക്ഷൻ**

നമ്പർ. 3764/AC A 8/2019/എം.ജി.യു | പ്രിയദർശിനി ഹിൽസ്,തീയതി: 03.08.2019

---

പരാമർശം:-1, കുന്നുകര എംഇഎസ് എഞ്ചിനിയറിംഗ് കോളേജിലെ മുൻവിദ്യാർഥികൾ 11/04/18-ൽ സമർപ്പിച്ച പരാതി
2, 20/04/18-ലെ സർവ്വകലാശാലാ ഉത്തരവ് നമ്പർ 3531/എസിഎVIII/03/2018

## ഉത്തരവ്

കുന്നുകര എംഇഎസ് എഞ്ചിനിയറിംഗ് കോളേജിലെ 2012-2016 വർഷത്തിലെ എഞ്ചിനിയറിംഗ് വിദ്യാർത്ഥികളായ നവനീത് രവി, മുഹമ്മദ് ഷാമിൽ , അജ്മൽ ജാബിർ എന്നിവർ പരാമർശം (1) പ്രകാരം ഒരു പരാതി സമർപ്പിച്ചിരുന്നു. പരാതി പ്രകാരം 2018 ഫെബ്രുവരി രണ്ടാം തീയതി പരാതിക്കാർ ബിരുദ സാക്ഷ്യപത്രത്തിനായി ഓൺലൈൻ ഫീസ് അടയ്ക്കുന്നതിനായി സർവ്വകലാശാലയ്ക്ക് പുറത്തുള്ള "സോഫ്റ്റലൈൻ കംപ്യൂട്ടേഴ്സ് & ഇന്റർനെറ്റ് ക്ലബ്" എന്ന പേരിലുള്ള സ്ഥാപനത്തിൽ ചെല്ലുകയും സ്ഥാപന ഉടമയായ "വിജയൻ" എന്നയാൾ സാക്ഷ്യപത്രങ്ങൾ 20 ദിവസത്തിനകം വാങ്ങി നൽകാം എന്ന് പറഞ്ഞ് വിശ്വസിപ്പിച്ച് ഫീസിനത്തിൽ 4500 രൂപ വാങ്ങിയതായും എന്നാൽ ഒരു മാസത്തിനകവും സാക്ഷ്യപത്രം ലഭിക്കാത്തതിനാൽ പരാതിക്കാർ പ്രസ്തുത "വിജയൻ" എന്നയാളെ വീണ്ടും സമീപിക്കുകയും അപേക്ഷകൾ പ്രസ്തുത കക്ഷിയുടെ വീട്ടിൽ സൂക്ഷിച്ചിരുന്ന നിരവധി അപേക്ഷകളിൽ നിന്നും കണ്ടെടുത്ത് നൽകിയതായും പറഞ്ഞിരുന്നു. ഇത്തരത്തിലുള്ള തട്ടിപ്പിനെതിരെ സർവ്വകലാശാല നടപടി സ്വീകരിക്കണമെന്നും പരാതിയിൽ ആവശ്യപ്പെട്ടിരുന്നു.

11/04/18-ലെ പരീക്ഷകൾക്കായുള്ള സിൻഡിക്കേറ്റ് ഉപസമിതി പരാതിയിൽ അന്വേഷണം നടത്തുന്നതിനായി സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ.ആർ.പ്രഗാഷ്, ഡോ.കെ.ഷറഫുദീൻ എന്നിവരെ ചുമതലപ്പെടുത്തുകയും ആയത് വൈസ് ചാൻസിലർ അംഗീകരിച്ച് പരാമർശം (2) ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. 03/06/19-ൽ അന്വേഷണ കമ്മീഷൻ അംഗമായ ഡോ.ആർ.പ്രഗാഷ് അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചു. അന്വേഷണ റിപ്പോർട്ട് ഇപ്രകാരമാണ്."കുന്നുകര എഞ്ചിനിയറിംഗ് കോളേജ് വിദ്യാർത്ഥികൾ സമർപ്പിച്ച പരാതി വിശദമായി അന്വേഷിച്ചപ്പോൾ കമ്മീഷന്റെ അന്വേഷണ പരിധിക്കും അപ്പുറത്തായതിനാൽ വിഷയം പോലീസിനെ ഏൽപ്പിക്കുന്നതിന് ശുപാർശ ചെയ്യുന്നു."

വൈസ് ചാൻസിലറുടെ 10/06/19-ലെ ഉത്തരവ് പ്രകാരം ഇന്റർനെറ്റ് കഫെ ഉടമയുടെ തട്ടിപ്പിനെതിരെ വിദ്യാർത്ഥികൾ സമർപ്പിച്ച പരാതിയിൽ അന്വേഷണ കമ്മീഷൻ അംഗം സമർപ്പിച്ച റിപ്പോർട്ട് സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു. 09/07/19-ലെ പരീക്ഷകൾക്കായുള്ള സിൻഡിക്കേറ്റ് ഉപസമിതിയോഗം അന്വേഷണ റിപ്പോർട്ട് പരിഗണിക്കുകയും അന്വേഷണകമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് അംഗീകരിക്കുന്നതിനും പ്രസ്തുത കേസ് പോലീസിനെ ഏൽപ്പിക്കുന്നതിനും ശുപാർശ സമർപ്പിക്കുകയും ചെയ്തു . പ്രസ്തുത ശുപാർശ വൈസ്ചാൻസിലർ 1985-ലെ മഹാത്മാഗാന്ധി സർവകലാശാലാ നിയമത്തിലെ ആദ്ധ്യായം 3 , വകുപ്പ് 10(17) പ്രകാരം അംഗീകരിച്ച് ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്/-

ജെസ്സി ജോൺ

അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1, സൂപ്രണ്ട് ഓഫ് പോലീസ് ,കോട്ടയം
2, പരാതിക്കാർ
3, വിസി/പിവിസി എന്നിവരുടെ പിഎസ്
4, രജിസ്ട്രാറുടെ പിഎ
5, ജെആർ/ഡിആർ/എആർ (അക്കാദമിക്)
6, എസിസി /സിഎംസി/ ഐക്യൂഎസി
7, കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ